കേരള സർക്കാർ
പൊതു വിദ്യാഭ്യാസ വകുപ്പ്

# ST. GEORGE'S HIGH SCHOOL ARAKKUNNAM

Arakkunnam P.O., Ernakulam Dist.
Pin - 682 313



# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# സെന്റ് ജോർജ്ജസ്

# ഹൈസ്കൂൾ

## ആരക്കുന്നം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 – 2026

എന്റെ പഠനമാണ് ...... എന്റെ നേട്ടം .......

# ആമുഖം

## വിദ്യാലയത്തിന്റെ ചരിത്രം

സെന്റ് ജോർജ്ജസ് ഹൈസ്ക്കൂൾ ആരക്കുന്നം, സെന്റ് ജോർജ്ജസ് യാക്കോബായ സുറിയാനി വലിയ പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ എയ്ഡഡ് സ്കൂൾ എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ മുളന്തുരുത്തി വില്ലേജിൽ ജനനിബിഡമായ ആരക്കുന്നം പ്രദേശത്ത് സ്കൂൾ സ്ഥിതി ചെയ്യുന്നു. എറണാകുളം റവന്യൂ ജില്ലയിൽ പിറവം-എറണാകുളം പാതയോരത്ത് എല്ലാവിധ സൗകര്യങ്ങളോടും, ഭൂമിശാസ്ത്രപരമായ മികവോടും 600ൽ പരം കുട്ടികളും, മികച്ച അദ്ധ്യാപകരും നൂറുമേനി വിജയവുമായി ഈ സ്കൂൾ മാതൃകാപരമായി പ്രവർത്തിച്ചു വരുന്നു.

ആരക്കുന്നത്തിന്റെ വികസന ചരിത്രത്തിലെ നാഴികക്കല്ലാണ് ഈ സ്കൂൾ. മാറ്റത്തിന്റെ, പുതുമയുടെ എല്ലാ മാർഗങ്ങളും സ്വീകരിച്ച് അക്ഷരദീപത്തിന്റെ പകരം വയ്ക്കാനില്ലാത്ത സമ്പത്താണ് സെന്റ് ജോർജ്ജസ് ഹൈസ്ക്കൂൾ. പൂർണ്ണമായും സാമൂഹിക പ്രിബന്ധതയോടെ പ്രവർത്തിക്കുന്ന ഒരു മാനേജ്മെന്റിന്റെ കീഴിൽ പുതിയ സഹസ്രാബ്ദത്തിന്റെ വെല്ലുവിളികൾ നേരിടാനും, സാധ്യതകൾ ഉപയോഗപ്പെടുത്താനും ഉള്ള ഭൗതീക സാഹചര്യങ്ങളിലൊതുങ്ങി നിന്ന് പാഠ്യേതര പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നു. സാങ്കേതിക വിദ്യ കൈകാര്യം ചെയ്യുന്നതിൽ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു എങ്കിലും വേണ്ടത്ര സാങ്കേതിക മികവ് ഒരുക്കിക്കൊടുക്കുന്നതിൽ സ്കൂൾ ബഹുദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

123 വർഷത്തെ പാരമ്പര്യമുള്ള കലാലയത്തിന്റെ ചരിത്രവും, വളർച്ചയും ആരക്കുന്നത്തിന്റെ മണ്ണിൽ ഈ വിദ്യാ പീഠം ആരംഭിച്ചതിന് പിന്നിൽ പ്രവർത്തിച്ചവരുടെ പരിശ്രമത്തിന്റെയും നിശ്ചയ ദാർഢ്യത്തിന്റെയും മുന്നിൽ നമുക്ക് ശിരസ്സുനമിക്കാതെ കടന്നു പോകുവാൻ കഴിയില്ല. എത്രയോ പ്രതിഭകളെ വാർത്തെടുത്ത്, രാജ്യത്തിന് സംഭാവന ചെയ്യുകയും, അതുവഴി രാജ്യ പുരോഗതിയിൽ പങ്കാളിയാകാനും നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞു. ഇവിടെ പഠിച്ച വിദ്യാർത്ഥികൾക്കും, പഠിപ്പിച്ച അദ്ധ്യാപകർക്കും കിട്ടിയ അംഗീകാരങ്ങൾ നിരവധിയാണ്. തിരുവനന്തപുരത്ത് വെച്ച് നടന്ന ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ എറണാകുളം ജില്ലയിലെ മികച്ച പ്രകടനം കാഴ്ച വെച്ച സ്കൂളുകളിലൊന്നായിരുന്നു സെന്റ് ജോർജ്ജസ് ഹൈസ്ക്കൂൾ ആരക്കുന്നം. 123 വർഷത്തെ പാരമ്പര്യത്തിന്റെ ശ്രേഷ്ഠത കൈമുതലാക്കി, പാഠ്യേതര പ്രവർത്തനങ്ങളിൽ തനതായ മികവ് കരസ്ഥമാക്കി ജില്ലയിലെ ഏറ്റവും നല്ല സ്കൂളായി സെന്റ് ജോർജ്ജ് തലയുയർത്തി നിൽക്കുന്നു.

# സെന്റ് ജോർജജസ് ഹൈസ്കൂളിന്റെ നാൾ വഴികൾ

1. തുടക്കം ഒന്നാന്തരമാക്കൽ - പ്രവേശനോത്സവം
2. അടിസ്ഥാനശേഷി വികസനം.
3. സ്കൂൾ കലണ്ടർ.
4. അസംബ്ലി (മലയാളം, ഇംഗ്ലീഷ്, ഹിന്ദി)
5. ആരോഗ്യ സംരക്ഷണം, ശുചിത്വം, പോഷക സമൃദ്ധമായ ഉച്ചഭക്ഷണം
6. ക്ലാസ്സ് പി.ടി.ഐ..
7. എസ്.ആർ.ജി.
8. കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള പഠനം.
9. ശാസ്ത്രം, പരീക്ഷണം.
10. ഭാഷാലാബ്.
11. ഗണിത ശാസ്ത്രലാബ്.
12. സാഹിത്യ സമാജം.
13. പൊതുഭൗതീക സാഹചര്യമൊരുക്കൽ.
14. രക്ഷകർത്താക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സ്.
15. ക്ലാസ്സ് ലൈബ്രറി, സ്റ്റാഫ് ലൈബ്രറി.
16. നിറവ് ഉച്ചഭക്ഷണ പരിപാടി.
17. മൈ ക്യാമ്പസ്, ഗ്രീൻ ക്യാമ്പസ് ( ജൈവ പച്ചക്കറി കൃഷി)
18. ഏഴ് പാഠ്യേതര പ്രവർത്തനങ്ങൾ ( കരാട്ടേ, യോഗ, സ്കേറ്റിംഗ്, ചിത്രരചന, ബാന്റ്, പ്രവർത്തി പരിചയം, നൃത്തം)
19. മെഡിക്കൽ ക്യാമ്പ്.
20. പരിസര ശുചീകരണ ബോധവൽക്കരണം.
21. വായനാ ദിനാചരണം.
22. മഴക്കുഴി നിർമ്മാണം.
23. പാലിയേറ്റീവ് ദിനാചരണം.
24. കൗൺസിലിംഗ് ക്ലാസ്സ്.
25. അദ്ധ്യാപക ശാക്തീകരണ പരിപാടി.
26. പരിസ്ഥിതി ദിനാചരണം.
27. റെഡ്ക്രോസ്.
28. എൻ.സി.സി.
29. മലയാളമനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾ
30. ദിനപത്രങ്ങൾ
31. ക്ലാസ്സ് ലൈബ്രറി, സ്റ്റാഫ് ലൈബ്രറി
32. റോബോട്ടിക്
33. ആർട്ടിഫിഷൻ ഇന്റലിജൻസ് പരിശീലനം.
34. ജീനിയസ് അക്കാദമി
35. ജെന്റൽ ന്യൂട്ടൽ യൂണിഫോം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | സെന്റ് ജോർജ്ജസ് ഹൈസ്ക്കൂൾ ആരക്കുന്നം |
| വിലാസം | : | ആരക്കുന്നം.പി.ഒ., എറണാകുളം - 682313 |
| 2. സ്കൂൾ മാനേജർ | : | ശ്രീ.ബിജു തോമസ് |
| 3. ഹെഡ്മിസ്ട്രസ്സ് | : | ശ്രീമതി. ഡെയ്സി വർഗ്ഗീസ് |
| 4. പി.ടി.എ പ്രസിഡന്റ് | : | ശ്രീ.മത്തായി.എൻ.ജെ |
| 5. സ്കൂൾ കോഡ് | : | 26001 |
| 6. വിദ്യാഭ്യാസ ഉപജില്ല | : | തൃപ്പൂണിത്തുറ |
| 7. വിദ്യാഭ്യാസ ജില്ല | : | എറണാകുളം |
| 8. റവന്യൂ ജില്ല | : | എറണാകുളം |
| 9. ബി.ആർ.സി | : | തൃപ്പൂണിത്തുറ |
| 10. ഗ്രാമ പഞ്ചായത്ത് | : | മുളന്തുരുത്തി |
| 11. ബ്ലോക്ക് പഞ്ചായത്ത് | : | മുളന്തുരുത്തി |
| 12. ജില്ലാ പഞ്ചായത്ത് | : | എറണാകുളം |
| 13. നിയമസഭാ മണ്ഡലം | : | പിറവം |
| 14. ലോകസഭാമണ്ഡലം | : | മൂവാറ്റുപുഴ |
| 15. താലൂക്ക് | : | കണയന്നൂർ |
| 16. വില്ലേജ് | : | മുളന്തുരുത്തി |
| 17. ഇ-മെയിൽ | : | stgeorgehighschool@gmail.com |
| 18. വെബ്സൈറ്റ് | : | www.stgerorgehighschool.blogspot.in |
| 19. സ്കൂൾ വിക്കി. | : | Ernakulam (Revenue District) |

# വിദ്യാലയം മികവിന്റെ കേന്ദ്രം : കാഴ്ചപ്പാട്

1. "വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്ക്കാരിക പ്രവർത്തനമാണ്." AIM.എന്ന പൗലോ ഫെയറുടെ സിദ്ധാന്തത്തെ സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ, പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താതാപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. ശുചിത്വം, സഹജീവി സ്നേഹം, പ്രകൃതിസ്നേഹം, തുടങ്ങിയ മൂല്യങ്ങളും, മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4. പാർശ്വ വൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും, പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷമൊരുക്കൽ.

5. സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും, ധാരണകളും ഓരോ ക്ലാസ്സിലും കുട്ടി നേടുന്നുണ്ടെന്ന് ഉറപ്പിക്കൽ.

6. പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കാനും, സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തനാക്കുക.

7. പാവപ്പെട്ടവരും, സാധാരണക്കാരും, ഇടത്തരക്കാരുമായ കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യമായി ഇന്റർനാഷണൽ ലെവൽ വിദ്യാഭ്യാസം ലഭ്യമാക്കുന്നു

8. വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും, കൊഴിഞ്ഞ് പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കുന്നു.

9. വിദ്യാഭ്യാസത്തിന്റെ സമസ്തതലങ്ങളിലും നമ്മുടെ നാടിന്റെ മൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് അന്താരാഷ്ട്രമാതൃക വികസിപ്പിക്കുക.

10. സ്വകാര്യമേഖലയിൽ നിന്നും പൊതു വിദ്യാഭ്യാസ രംഗത്തേക്ക് വിദ്യാർത്ഥികളെ കൊണ്ടുവരിക.

11. 5-ാം ക്ലാസ്സ് മുതൽ വിവധ മേഖലകളിൽ കാലാനുസൃതമായ തൊഴിൽ നൈപുണ്യവും ഉള്ളവരായി കുട്ടികളെ മാറ്റൽ.

12. വിദ്യാഭ്യാസം ഒരു വ്യക്തിയുടെ ആകമാന വികസനമാണ് എന്ന കാഴ്ചപ്പാടോടെ അഭിരുചി വികസന പഠനത്തിന് പിൻതുണ നൽകുന്നു.

## നിലവിലെ അവസ്ഥാ വിശകലനം ഭൗതീകം നേട്ടങ്ങൾ

വായനയെ പരിപോഷിപ്പിക്കുന്നതിലേക്കായി എന്റെ വായന, എന്റെ അറിവ്, എന്റെ ചിറക് എന്ന പരിപാടിയിൽ ഏറ്റവും കൂടുതൽ പുസ്തകം വായിക്കുന്ന കുട്ടിക്ക് സ്വർണ്ണ നാണയം നൽകുന്നു. പാഠ്യേതര പ്രവർത്തനങ്ങൾക്ക് സ്കൂൾ പഠന സമയം കുറയ്ക്കാതെ തന്നെ വെള്ളിയാഴ്ച കരാട്ടേ, യോഗ, നൃത്തം, ബാന്റ്, ചിത്രരചന, പ്രവർത്തി പരിചയം എന്നീ ഇനങ്ങളോടൊപ്പം സ്കേറ്റിങ്ങും പരിശീലിപ്പിക്കുന്നു. ആധുനിക സാങ്കേതിക പരിജ്ഞാനം നൽകുന്നതിനായി റോബോട്ടിക്സ് പരിശീലനം നടക്കുന്നു.

വിദ്യാർത്ഥികൾക്കിടയിൽ വേഷ സംവിധാനത്തിന്റെ വേർതിരിവുകൾ ഇല്ലാതാനും, സഞ്ചാര സ്വാതന്ത്ര്യം മുൻ നിർത്തിയും, സ്ക്കൂൾ ജന്റർ ന്യൂട്ടൽ യൂണിഫോം നടപ്പിലാക്കി.

നല്ല വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവും ഉള്ളവരായി കുട്ടികളെ മാറ്റാൻ സ്കൂൾ ജീനിയസ് അക്കാദമിക് തുടക്കം കുറിച്ചു. 5-ാം ക്ലാസ്സു മുതൽ ഐ.എ.എ.എസ്, മെഡിക്കൽ, എഞ്ചിനിയറിംങ്, അഗ്രിക്കൾച്ചർ എന്നീ മേഖലകളിലേക്ക് പ്രവേശന പരിശീലനം നൽകുന്നു.

ഭിന്നശേഷി സൗഹൃദ സ്ക്കൂളിൽ ഉൾച്ചേരൽ വിദ്യാഭ്യാസത്തിനുള്ള എല്ലാ പ്രക്രിയകളും ഒരുക്കുന്നു.

നൂതന സാങ്കേതിക വിദ്യകളായ റോബോട്ടിക്സ് ആർട്ടിഫിഷൽ ഇന്റെലിജൻസ് തുടങ്ങിയവയിൽ പ്രാവിണ്യം നേടുന്നതിനായി ഹൈസ്കൂൾ ക്ലാസ്സിലെ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.

ഏഴ് എക്ട്രോ കരിക്കുലർ പഠിപ്പിക്കുന്നതിന്റെ ഭാഗമായി 2023 അദ്ധ്യായന വർഷം മുതൽ താല്പര്യമുള്ള കുട്ടികൾക്കായി സ്കേറ്റിംങ് പരിശീലനം ആരംഭിച്ചു.

ലോകരാജ്യങ്ങളെ പറ്റി അവബോധം ഉണ്ടാക്കുന്നതിനു ഓരോ വൻകരകൾ എവിടെ സ്ഥിതി ചെയ്യുന്നു. അതിൽ ഉൾപ്പെടുന്ന രാജ്യങ്ങൾ ഏതെല്ലാമെന്നും, പഠിക്കുന്നതിനായി താല്പര്യമുള്ള കുട്ടികൾക്ക് ഗ്ലോബ് നിർമ്മാണം ആരംഭിച്ചു.

പോഷകങ്ങളുടെ കലവറയായ ചെറുധാന്യങ്ങളെ കുറിച്ച് അവബോധം ഉണ്ടാകുന്നതിനും, അവയുടെ പോഷക സമൃദ്ധിയെക്കുറിച്ചു മനസ്സിലാകുന്നതിനും ചെറുധാന്യ പ്രദർശനവും, അതുപയോഗിച്ചുള്ള ഭക്ഷ്യോൽപ്പന്നങ്ങളുടെ പ്രദർശനവും, ഹരിത സേന നടത്തിവരുന്നു.

പുതിയതും, പഴയതുമായ അളവുകളെകുറിച്ച് ധാരണ ലഭിക്കുന്നതിനും, ചുറ്റുപാടും പരിചിത താരതമ്യപഠനത്തിനുമായി വസ്തുക്കളുടെ നീളം, വീതി, ഉയരം, വ്യാപ്തം, വിസ്തീർണ്ണം തുടങ്ങിയവ സ്വയം കണ്ടെത്തി പട്ടിക തയ്യാറാക്കൽ.

സാഹിത്യം കല ഇവയെ പറ്റി അവബോധം സൃഷ്ടിക്കുന്നതിന് ഭാഷാക്ലബ്. കലാരൂപങ്ങളും, വിദഗ്ധരുടെ ക്ലാസ്സുകളും ഉചിതമായ രീതിയിൽ സംഘടിപ്പിച്ച് വരുന്നു.

# മാസ്റ്റർ പ്ലാൻ – ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| എന്റെ പഠനമാണ് എന്റെ നേട്ടം<br>ഭാഷാ മികവ്, ഗണിതശേഷി വികസനം.<br>അദ്ധ്യാപക ശാക്തീകരണ പരിപാടികൾ<br>എസ്.ആർ.ജി. ശാക്തീകരണം<br>സബ്ജറ്റ് കൗൺസിൽ ആഴ്ചതോറും<br>എന്റെ അറിവ് എന്റെ ചിറക്, എന്റെ വായന<br>കുടുംബ പി.ടി.എ.<br>ക്ലാസ്സ് പി.ടി.എ.<br>ആറ് പാഠ്യേതര പ്രവർത്തനങ്ങൾ പഠിപ്പിക്കൽ<br>കരാട്ടെ, യോഗ, ബാന്റ് ചിത്രരചന,ഡാൻസ്,<br>പ്രവർത്തി പരിചയം<br>നിരന്തര പഠനം- പത്താം ക്ലാസ്സിൽ<br>മാസം തോറും ക്ലാസ്സ് ടെസ്റ്റ്, അവലോകനം<br>ജൈവ പച്ചക്കറി തോട്ടം<br>സ്കൂൾ ഗാർഡൻ<br>സ്കൂൾ ബ്ലോഗ്<br>മലയാളത്തിളക്കം<br>ഹലോ ഇംഗ്ലീഷ്<br>ഗ്ലോബൽ പബ്ലിക് സ്കൂളുമായി ടിന്നിങ്ങ്<br>പ്രോഗ്രാം<br>മെഡിക്കൽ ക്യാമ്പ്<br>മികവുത്സവം<br>നിറവ് ഉച്ചഭക്ഷണം<br>ലൈബ്രറി ശാക്തീകരണം<br>പഠന യാത്രകൾ<br>സെമിനാറുകൾ<br>കലാകായികമേള<br>ഐ.ടി.പരിശീലനം<br>E-Cube<br>സീനിയൻ അക്കാദമി<br>സോപ്പ് , എൽ.ഇ.ഡി. ബൾബ് നിർമ്മാണം<br>ആർട്ടിഫിഷൽ ഇന്റലിജൻസ്, റോബട്ടിക്സ്<br>പരിശീലനം | ക്ലാസ്സ് മുറികൾ<br>ഹൈടെക് ആക്കി<br><br>മൈ ക്യാമ്പസ്,<br>ഗ്രീൻ ക്യാമ്പസ്<br><br>സ്ത്രീ സൗഹൃദ<br>ശൗചാലയം | പി.ടി.എ. ശക്തി<br>പ്പെടുത്തൽ<br>പൂർവ്വ വിദ്യാർത്ഥി<br>സംഘടന<br>പൂർവ്വ അദ്ധ്യാപക<br>സംഘടന<br>വിദ്യാലയ വിഭവ<br>ങ്ങൾ<br>പൊതു സമൂഹവു<br>മായി പങ്കിടൽ<br>കുടുംബ പി.ടി.എ.<br>വഴി കമ്പ്യൂട്ടർ<br>പരിശീലനം<br>എഴുത്ത് കൂട്ടം ,<br>വായനകൂട്ടം.<br>സ്വപ്ന ഭവന<br>പദ്ധതി.<br>കാരുണ്യസ്പർശം<br>സഹജീവി<br>സൗഹൃദ വിദ്യാ<br>ഭ്യാസം.<br>ക്ലാസ്സ് പി.ടി.എ.<br>മാതൃകാപരമാക്കു<br>ന്നതിനുള്ള നടപടി<br>കൾ |

## മേഖല : അക്കാദമികം

### പ്രവർത്തനം : 1 മെഡിക്കൽ ക്യാമ്പ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1. | ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. എന്ന അവബോധം സൃഷ്ടിക്കുക. | ജനറൽ മെഡിസിൻ, ദന്തൽ, പീഡിയാട്രിക്, നേത്രം, എന്നീ വിഭാഗങ്ങളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് സ്കൂളിലെ എല്ലാ കുട്ടികളെയും പരിശോധിച്ച് ആരോഗ്യം ഉറപ്പുവരുത്തുന്നു. | വർഷത്തിൽ ഒരിക്കൽ | സ്കൂൾ ഹെൽത്ത് ക്ലബ്, പി.ടി.എ. |

### പ്രവർത്തനം : 2 ജൈവ പച്ചക്കറിത്തോട്ടം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 2. | കാർഷിക സംസ്കൃതി വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | കാർഷിക ക്ലബ്ബ് / ഹരിത സേന, പി.ടി.എ. |

## പ്രവർത്തനം : 3 പ്രതിഭാ USS, NMMs & NTSE

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 3. | അക്കാദമിക മികവ് ഉള്ള കുട്ടികളെ കണ്ടെത്തുക | അദ്ധ്യാപകരുടേയും വിദഗ്ധരുടേയും പങ്കാളിത്തത്തോടെ കുട്ടികളെ പരിശീലിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | അദ്ധ്യാപകർ, വിദഗ്ധർ, രക്ഷകർത്താക്കൾ |

## പ്രവർത്തനം : 4 സിവിൽ സർവീസ് കോച്ചിംങ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 4. | ഐ.എ.എസ്./ഐ.പി. എസ് തുടങ്ങിയ മത്സര പരീക്ഷകളിലേക്ക് വിദ്യാർത്ഥികളെ മികച്ച രീതിയിൽ ഒരുക്കുക എന്ന ലക്ഷ്യം മുൻ നിർത്തി **Lead IAS** അക്കാദമിയുമായി സഹകരിച്ച് സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിൽ ആരംഭിച്ച ഒരു കോച്ചിംങ് സെന്റർ ആണ് **St. George Genius Academy** | 12 കുട്ടികൾ അടങ്ങിയ ഒരു ബാച്ച് ആയിട്ടാണ് ക്ലാസ്സ് നടത്തുന്നത്. **Logical Thinking, Curiosity Reasoning Ability, Personality** എന്നീ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊണ്ടിരിക്കുന്നത്. | ഒരു വർഷം | എല്ലാ അദ്ധ്യാപകരും. |

## പ്രവർത്തനം : 5 ഭാഷാശേഷി വികസനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 5. | കോവിഡ് കാലഘട്ടത്തിനുശേഷം കുട്ടികൾക്ക് വന്ന ഭാഷയുടെ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ശനിയാഴ്ച ദിവസങ്ങൾ ബാച്ച് തിരിച്ചുള്ള ക്ലാസ്സുകൾ, പ്രവർത്തനങ്ങൾ | ഒരു വർഷം | എല്ലാഭാഷാ അദ്ധ്യാപകരും, |

## പ്രവർത്തനം : 6 പ്ലാസ്റ്റിക് നിർമ്മാർജ്ജനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 6. | പ്ലാസ്റ്റിക് നിർമ്മാർജ്ജനം | കുട്ടികൾക്ക് വെള്ളം കുടിക്കുന്നതിനും, ഭക്ഷണം കഴിക്കുന്നതിനും, സ്റ്റീൽ പ്ലേറ്റ് വിതരണം ചെയ്തിട്ടുണ്ട്. തിളപ്പിച്ചാറിയ വെള്ളം സ്കൂളിൽ ലഭ്യമാക്കുന്നു. ഉപയോഗ്യ ശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ ( ഉദാ. പേന) ശോഖരിക്കുന്നതിന് സ്കൂളിൽ വേസ്റ്റ് ബിൻ സ്ഥാപിച്ചിട്ടുണ്ട്. | വർഷം മുഴുവൻ | പി.ടി.എ. കുട്ടികൾ, മാനേജ്മെന്റ് |

## പ്രവർത്തനം : 7 നിരന്തര പഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| / | പത്താം ക്ലാസ്സിലെ കുട്ടികൾക്ക് രാത്രി കാല പരിശീലനം | പൊതുവായ പരീക്ഷകൾക്ക് മുമ്പായി ഒരു മാസം നീണ്ടു നിൽക്കുന്ന രാത്രി കാല പരിശീലനം പി.ടി.എ. പ്രതിനിധികളും, അദ്ധ്യാപകരും പഠനത്തിന് നേതൃത്വം നൽകുന്നു. ഭക്ഷണം നൽകുന്നു. | ഒരു മാസം | പി.ടി.എ. എസ്.ആർ. ജി. |

## പ്രവർത്തനം : 8 ദിനാചരണങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 8. | പ്രധാന ദിനങ്ങളെ ക്കുറിച്ചുള്ള അവബോധം | എല്ലാ ദിനാചരണങ്ങളും വൈവിധ്യമാർന്ന പരിപാടികളോടെ വിദ്യാലയത്തിൽ നടത്താറുണ്ട്. ഓരോ വിഷയവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ മികച്ച് പഠന പ്രവർത്തനം എന്ന നിലയിലാണ് സ്കൂൾ സംഘടിപ്പിക്കുന്നത്. ദിനാചരണത്തിന്റെ ഭാഗമായി ക്വിസ് മത്സരങ്ങൾ, ഉപന്യാസം, രചനാ മത്സരം, റാലി, അഭിമുഖം, ശേഖരണം, കൊളാഷ്, പ്രസംഗം തുടങ്ങി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തി വരുന്നു. | വർഷം മുഴുവനും | അദ്ധ്യാപകർ, |

## പ്രവർത്തനം : 9 ക്ലാസ്സ് പി.ടി.എ.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 9. | കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | കൃത്യമായ അജണ്ടവച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച. | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ, കുട്ടികൾ. |

## പ്രവർത്തനം : 10 കുടുംബ പി.ടി.എ.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 10. | കുട്ടികളുടെ കുടുംബാന്തരീക്ഷം മനസ്സിലാക്കി പഠന പുരോഗതി ഉറപ്പാക്കൽ | ഒരു അദ്ധ്യയന വർഷം 1 തവണ ഭവന സന്ദർശനം നടത്തി കുട്ടികളുടെ ഭൗതിക സാഹചര്യങ്ങൾ മനസ്സിലാക്കി പഠനത്തിനു വേണ്ട കൊത്താങ്ങ് നൽകുന്നു. | വർഷം മുഴുവൻ | അദ്ധ്യാപകർ, |

## പ്രവർത്തനം : 11 എന്റെ പഠനമാണ് എന്റെ നേട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അടുത്തതലത്തിലേക്ക് എത്തിക്കുക. | രാവിലെയും വൈകീട്ടും അവധി ദിവസങ്ങളിലും പഠന വിടവ് ഉള്ള വർക്കായി ക്ലാസുകൾ സംഘടിപ്പിക്കുന്നു. ICT ഉപയോഗിച്ചും, പഠന തന്ത്രങ്ങൾ ഉപയോഗിച്ചും ഇവരുടെ പഠനം എളുപ്പമാക്കുന്നു. | ഒരു അക്കാദമിക് വർഷം | എല്ലാ അധ്യാപകരും |

## പ്രവർത്തനം : 12 കായികം സെന്റ് ജോർജ്ജസ് സ്പോർട്സ് അക്കാദമി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ കായിക ഇനങ്ങളിൽ മികവ് കണ്ടെത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുക. | അവധിക്കാല പരിശീലനം. എല്ലാ ദിവസവും രാവിലേയും വൈകീട്ടുമുള്ള നിരന്തര പരിശീലനം<br><br>വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ<br><br>അടുത്ത തലങ്ങളിലേക്ക് പ്രാപ്തരാക്കൽ | 3 വർഷം | കായിക അധ്യാപകർ |

പഠന യാത്ര

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിനായി പഠന യാത്രകൾ ക്രമീകരിക്കുന്നതിന്.<br><br>പ്രാദേശിക പഠനയാത്രകൾ/ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും. | ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവയ്ക്കുള്ള പാഠ്യപദ്ധതിയിലെ സാധ്യതകൾ ലിസ്റ്റ് ചെയ്യണം. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സാധ്യതകൾ അന്വേഷിക്കണം.(സ്കൂളിന്റെ സമീപമുള്ള കൃഷിഭവൻ, പഞ്ചായത്ത് ഓഫീസ്, ആശുപത്രി, പോസ്റ്റാഫീസ്, ബാങ്ക്, കൃഷിസ്ഥലം, കുളം, പുഴ, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടം, കർഷകർ, സാഹിത്യകാരന്മാർ, സ്വാതന്ത്ര്യസമരസേനാനികൾ..)<br><br>എല്ലാവർക്കും പഠനയാത്രകൾ<br><br>എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് പഠനയാത്രയുടെ ലക്ഷ്യം, ആവശ്യകത എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.<br><br>പോകുന്ന സ്ഥലത്തെക്കുറിച്ച് മുൻകൂട്ടി അധ്യാപികയുടെ സഹായത്തോടെ വിവരം ശേഖരിക്കുക<br><br>ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവയുടെ അനുഭവം മറ്റ് ക്ലാസ്സുകളിലെ കുട്ടികളോട് പങ്കുവയ്ക്കൽ | ഒരു വർഷം | അദ്ധ്യാപകർ |

## വായന

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളെയും വായനാശീലമുള്ളവരാക്കി മാറ്റുക.<br><br>വായനാ അനുഭവങ്ങൾ വിവധ രീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക. വായനയുടെ<br><br>വ്യത്യസ്തതലങ്ങൾ പരിചയപ്പെടുത്തുക.<br>രചനാപരമായ കഴിവ് വളർത്തുക.<br><br>സമൂഹ പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക.<br><br>രചനാപരമായ കഴിവ് വളർത്തുക.<br><br>സമൂഹ പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക. | വായനയ്ക്കൊരു വാർഷിക പദ്ധതി തയ്യാറാക്കൽ.<br><br>നിലവിൽ സ്ക്കൂളിൽ ലഭ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.<br><br>ഇനിയും സ്ക്കൂളിൽ ആവശ്യമായ പുസ്തകങ്ങളുടെ കാറ്റലോഗ് തയ്യാറാക്കുക<br><br>ഓരോ ക്ലാസ്സിലും ദിവപ്പത്രം ലഭിക്കുന്നതിന് സ്പോൺസർമാരെ കണ്ടെത്തണം.<br><br>അസംബ്ലിയിലും ക്ലാസ്സിലും നിത്യവും പത്രവായനയും വിശകലനവും.<br><br>പത്രക്വിസ്സ്<br><br>കുട്ടികൾക്ക് തുടർച്ചയായി പുസ്തകവിതരണം അധ്യാപകർ ഉറപ്പാക്കണം.<br><br>അമ്മ വായന പ്രോത്സഹിപ്പിക്കണം. അമ്മമാർ വായിച്ച പുസ്തകത്തെക്കുറിച്ച് ക്ലാസ്സ് പി.ടി.എ. യിൽ അവതരണം.<br><br>വായനാദിനത്തിൽ (ജൂൺ 19) ഏറ്റവും കൂടുതൽ പുസ്തകം വായിച്ച കുട്ടികൾക്ക് സമ്മാന വിതരണം. | വർഷം മുഴുവനും | അദ്ധ്യാപകർ, |

## കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.എല്ലാ കുട്ടികളിലും ഏറിയും കുറഞ്ഞുമുള്ള കലാവാസനയെ പരിപോഷിപ്പിക്കുക.<br>2.കായികക്ഷമതയുള്ള തലമുറയെ വളർത്തിയെടുക്കുക.<br>3.പ്രവൃത്തി പരിചയ നൈപുണികളിൽ എല്ലാവർക്കും പ്രാവീണ്യം നേടാൻ അവസരമൊരുക്കുക<br>4. കലാ കായിക പ്രവൃത്തി പരിചയ മേളകളിലെ ഇനങ്ങളിലെല്ലാം എല്ലാ കുട്ടികൾക്കും പ്രാഥമിക പരിശീലനാനുഭവം ഒരുക്കുകയും പങ്കാളിത്തം ഉറപ്പാക്കുക. | 1.നൃത്തപരിശീലനം<br>2.സംഘഗാനം, നാടൻ പാട്ട് പരിശീലനം.<br>3. ചിത്രരചനാ പരിശീലനം<br>4.പാഴ് വസ്തുക്കളിൽ നിന്നുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിന് പരിശീലനം<br>5.കലാ കായിക പ്രവൃത്തിപരിചയ പാഠ്യപദ്ധതിയും മേളകളുടെ മാന്വലും പരിശോധിച്ച് പരിശീലന ഇനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.<br>6.ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ.<br>7. കലാകായിക പരിശീലനത്തിന് പ്രവർത്തനപദ്ധതി തയ്യാറാക്കൽ.<br>( രണ്ടു രീതി സ്വീകരിക്കണം. എല്ലാ കുട്ടികൾക്കുമുള്ള കലാ പരിശീലനം, കഴിവുള്ളവർക്കു പ്രത്യേക പരിശീലനം).<br>8.കരകൗശല നിർമ്മാണ ശില്പശാല സംഘടിപ്പിക്കൽ.<br>9.സ്കൂൾ തലത്തിൽ പ്രവൃത്തി പരിചയമേള.<br>10. അസംബ്ലിയിൽ കലാപരിപാടി അവതരിപ്പിക്കാൻ എല്ലാ കുട്ടികൾക്കും അവസരം ഒരുക്കൽ. | 1 വർഷം | അദ്ധ്യാപകർ, |

മേഖല – **സാമൂഹികം**

ലക്ഷ്യം : സഹ ജീവികളോട് കരുണയും, സഹാനുഭൂതിയും വളർത്തുക.

ജീവകാരുണ്യ പ്രവർത്തനങ്ങൾ:

1. **സഹജീവി സൗഹൃദ വിദ്യാഭ്യാസം**

ഓണം, ക്രിസ്തുമസ് ആഘോഷങ്ങളോടനുബന്ധിച്ച് വൃദ്ധസദനം, മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസ കേന്ദ്രങ്ങൾ (മിത്രം, പെലിക്കൻ സെന്റർ) സന്ദർശിക്കൽ, ആഹാരം പങ്കുവെയ്ക്കൽ, കേക്ക്, വിതരണം, സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് ഭക്ഷണകിറ്റ് വിതരണം, അർഹരായവർക്ക് ചികിത്സാ സഹായം.

2. **സ്വപ്ന ഭവന പദ്ധതി**

ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് നിർദ്ധനരായ വിദ്യാർത്ഥികൾക്ക് വീടു നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സഹായം. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കുട്ടികൾക്ക് സ്കോളർഷിപ്പ്, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് സ്പോൺസർഷിപ്പ് എന്നിവ ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് നടത്തുന്നു.

3. **കാരുണ്യ സ്പർശം**

ക്യാൻസർ, വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് ബുദ്ധിമുട്ടുന്ന രക്ഷകർത്താക്കൾക്ക് ചികിത്സാസഹായം നൽകുന്നു.

## സ്കൂൾ അസംബ്ലി

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| എല്ലാകുട്ടികൾക്കും നേതൃപരമായ കഴിവുകൾ വികസിപ്പിക്കുക. കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദിയായി സ്കൂൾ അസംബ്ലിയെ പുനസംഘടിപ്പിക്കുക. സഭാകമ്പമില്ലാതെ സദസ്സിനെ അഭിസംബോധന ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തുക. | ക്ലാസ്സിലെ വേറിട്ട പ്രവർത്തനങ്ങളുടെ പങ്കുവെക്കൽ, ഉൽപ്പന്നങ്ങളുടെ പ്രകാശനം, കുട്ടികളുടെ മികവുകൾക്ക് അംഗീകാരം, പരീക്ഷണം, പത്രക്വിസ്സ്, ക്ലാസ്സ് പത്ര പ്രകാശനം, ചിന്താവിഷയം തുടങ്ങി ഒരോ അസംബ്ലിയിലും വൈവിധ്യമുള്ള ഓരോ ഇനം വീതം നിശ്ചയിക്കൽ, നിർദ്ദിഷ്ട ക്ലാസ്സുകാരുടെ നേതൃത്വത്തിൽ നടക്കുന്ന സ്പെഷ്യൽ അസംബ്ലി. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്താവുന്ന ഇനങ്ങൾ. | ഒരു വർഷം | അദ്ധ്യാപകർ, |

## ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| സവിശേ. ദിനങ്ങളുടെ പ്രത്യേകതയും, പ്രാധാന്യവും ബോധ്യപ്പെടുത്തുക. കുട്ടികളുടെ സർഗാത്മകത പ്രകടിപ്പിക്കുന്നതിനുള്ള അവസരമായി ദിനാചരണങ്ങൾ പ്രയോജനപ്പെടുത്തുക | അക്കാദമിക വർഷത്തെ വിശേഷദിനങ്ങളുടെ ചാർട്ട് തയ്യാറാക്കൽ. ദിനാചരണങ്ങൾ ഉൾച്ചേർത്തു കൊണ്ട് സ്ക്കൂളിന്റെ കലണ്ടർ തയ്യാറാക്കൽ. ഓരോ ദിനാചരണവുമായി വ്യത്യസ്ത വിഷയങ്ങൾ എങ്ങനെയെല്ലാം ബന്ധിപ്പിക്കാനാകും എന്നു തീരുമാനിക്കലും പ്രവർത്തന രൂപീകരണവും. ഓരോ ദിനാചരണത്തിനും നേതൃത്വം നൽകുന്നതിന് ചുമതലാവിഭജനം നടത്തൽ. | ഒരു വർഷം | അദ്ധ്യാപകർ, |

## ക്ലബ്ബ് പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| ക്ലബ്ബ് പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക. കുട്ടികളിൽ നേതൃത്വപാടവം, ആശയവിനിമയ ശേഷി, ശാസ്ത്രാവബോധം, ജനാധിപത്യബോധം എന്നിവ വളർത്തുന്നതിന് | വിവിധ ക്ലബ്ബുകൾ രൂപീകരിക്കൽ. ഓരോ ക്ലബ്ബിന്റെയും വാർഷിക പദ്ധതി രൂപീകരിക്കൽ.വിവിധ ക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനം.ക്ലബ്ബുകളുടെ നേതൃത്വത്തിൽ പരീക്ഷണോത്സവം,പ്രദർശനങ്ങൾ സെമിനാർ, സംവാദം,ചർച്ച ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക. | | |

## ജൈവ വൈവിധ്യ ഉദ്യാനം.

സ്കൂൾ പരിസരത്ത് വിവിധ ഇനം സസ്യങ്ങൾ പരിപാലിച്ചുവരുന്നു. കഴിഞ്ഞ രണ്ട് വർഷങ്ങളായി പുഷ്പ കൃഷി നടത്തിയിരുന്നു. ഇവയെ പരിപാലിക്കുന്നതിലൂടെ കുട്ടികൾക്ക് പ്രകൃതിയെ അടുത്തറിയുന്നതിനും, പ്രകൃതി സംരക്ഷണം ജീവിത സംരക്ഷണം തന്നെയാണെന്ന് മനസ്സിലാക്കുന്നതിനും സാധിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ പോലും പ്രവർത്തന നിരതരാക്കുവാൻ ഇത് സഹായിക്കുന്നു. സ്കൂൾ പരിസരത്തുള്ള വിവിധങ്ങളായ സസ്യങ്ങൾക്ക് സാധാരണ നാമവും, ശാസ്ത്രനാമവും, ഉൾപ്പെടുത്തി ഒരു ബോർഡ് സ്ഥാപിക്കുക എന്നതാണ് ജൈവ വൈവിധ്യ ക്ലബിന്റെ ഈ വർഷത്തെ പ്രധാന ലക്ഷ്യം.

ഭിന്നശേഷി സൗഹൃദ വിദ്യാലയം

1. ദിനാചരണ ആഘോഷങ്ങളിൽ എല്ലാ കുട്ടികളുടെയും തുല്യമായ പങ്കാളിത്തം.
2. ക്ലബ്ബ് രൂപീകരണത്തിനും പരിപാടികളിലും തുല്യ പങ്കാളിത്തം.
3. ക്ലാസ്സ് മുറികളിൽ ഭിന്നശേഷി കുട്ടികൾക്ക് പിൻതുണ നൽകൽ.
4. ക്ലാസ്സ് മുറിയിൽ കുടിവെള്ളം ലഭ്യമാക്കുന്നു.
5. വീൽ ചെയർ കയറുന്ന രീതിയിലാണ് ക്ലാസ്സ് മുറി സജ്ജീകരിച്ചിരിക്കുന്നത്.
6. സാധാരണ കുട്ടികൾക്ക് കുട്ടികളെ സഹായിക്കുന്നതിനും, കൂട്ട് കൂടുന്നതിനും ഉള്ള ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നു.
7. മികവുത്സവം, യുവജനോത്സവം, കായിക മത്സരങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിൽ ഈ കുട്ടികളുടെ പങ്കാളിത്വം ഉറപ്പു വരുത്തുന്നു.

# Action Plan 2025 – 2026

## (Malayalam)

## മലയാളം

ആരക്കുന്നം സെന്റ് ജോർജ്ജസ് ഹൈസ്കൂളിൽ 2023- 24 അദ്ധ്യയന വർഷം അക്കാദമിക മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് ധാരാളം മികച്ച പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു. ബ്ലോഗ് രൂപീകരണത്തിലൂടെ കുട്ടികളുടെ മികച്ച രചനകൾ പൊതു സമൂഹത്തിലേക്കു കൂടി എത്തിക്കാനും, എന്റെ പഠനമാണ് എന്റെ നേട്ടം പദ്ധതിയുടെ ഭാഗമായി മലയാളത്തിളക്ക മാതൃകയിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ അക്ഷരങ്ങളുടെ ലോകത്തേക്ക് എത്തിക്കുവാനും, കുട്ടികളുടെ സർഗ്ഗശേഷി വികസനത്തിനായി കാവ്യ കേളി, സാഹിത്യ സമാജം എന്നിവ നടത്തുവാനും സാധിച്ചു.

### മലയാളം – അക്കാദമികം

### പ്രവർത്തനം –1

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളും അക്ഷരങ്ങളും ചിഹ്നങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.<br><br>എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പു വരുത്തുക. | അക്ഷര ലോകത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിന് അക്ഷര കാർഡ്, പദകാർഡ് എന്നിവയുടെ നിർമ്മാണവും, അവയുടെ വായന, വാക്കുകൾ നിർമ്മിക്കൽ, പദച്ചേരുവകൾ നിർമ്മിക്കൽ അവയുടെ വായന, കേട്ടെഴുത്ത്, പദസൂര്യൻ നിർമ്മാണം, വായന കാർഡ് നിർമ്മാണവും, വായനയും. കഥാവതരണം, പുസ്തക വായന, പത്രവായന, വായനാ മത്സരം, അക്ഷര ശ്ലോകം എന്നിവ സംഘടിപ്പിക്കൽ, സാഹിത്യകാരന്മാരെ അറിയൽ / ദിനാചരണങ്ങൾ സംഘടിപ്പിക്കൽ. | ഒരു വർഷം | അദ്ധ്യാപകർ / മാതാപിതാക്കൾ / കൂട്ടുകാർ |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും സർഗ്ഗാത്മക രചനകൾക്ക് അവസരം നൽകുക.<br>എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പാക്കുക | സമാന പദങ്ങൾ കണ്ടെത്തി വാക്യരചന, നിഘണ്ടു നിർമ്മാണം, പോസ്റ്റർ രചന, ആൽബം തയ്യാറാക്കൽ, കഥ/ കവിത/ ലേഖനം / ചിത്രരചന<br>ക്ലാസ്സ് തല മാഗസിൻ, സ്കൂൾ മാഗസിൻ )<br>എന്റെ വായന എന്റെ അറിവ് എന്റെ ചിറക് എന്ന പദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികളും ഏതെങ്കിലും ഒരു പുസ്തകത്തെ പരിചയപ്പെടുന്നു.<br>(ക്ലാസ്സ് പി.ടി.എ. സ്കൂൾ അസംബ്ലി)<br>ക്വിസ്സ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>പ്രസംഗം / സംവാദം സംഘടിപ്പിക്കുന്നു.<br>ആസ്വാദനക്കുറിപ്പ് മത്സരം<br>സ്വന്തം പുസ്തകം / നാടക രചന | ഒരു വർഷം | അദ്ധ്യാപകർ /മാതാപിതാക്കൾ/ കൂട്ടുകാർ |

# Action Plan 2025 – 2026

(ENGLISH)

We have started the academic included in the action plan of 2022-23.We have plan to conduct role play, skit, diary entry, speech etc... And also the interaction programme with Global Public School Thiruvaniyoor.

| Objective | Activity | Duration | Tr.In Charge |
|---|---|---|---|
| Improving Reading | Reading day<br>Book introduction<br>Book reading and making review<br>Reading competition | Once in a week | English Teachers |
| Improving Language | Making Notices<br>Invitations<br>Poster | Once in a month | English Teachers |
| Improving Vocabulary | Build Vocabulary by giving "world for the day"<br>Pronunciation<br>Meaning<br>Sentences<br>Similar word<br>Opposite in Meaning<br>Meaning in Malayalam | Every day | English Teachers |

# Action Plan 2025 – 2026

## (HINDI)

## ഹിന്ദി

### അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി

### ഹിന്ദി വായന

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| യു.പി. തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം | ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ.<br>കുട്ടികളുടെ അധികവായന ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചു ഹിന്ദി ഗ്രന്ഥശാല ഒരുക്കും. വലിയ അക്ഷരങ്ങളോടു കൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥാബുക്കുകൾ, ചിത്രകഥകൾ, ബാലമാസികകൾ എന്നിവ. മുഖ്യമായും ഹിന്ദി സാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനായുള്ള പുസ്തകങ്ങൾ ഗ്രന്ഥശാലയിൽ ലഭ്യമാക്കും.<br>വായനകാർഡുകൾ തയ്യാറാക്കൽ.<br>ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്ത്തരാക്കുന്നതിനായി വായനാകാർഡുകൾ തയ്യാറാക്കും.ഇവയിൽ പഴങ്ങൾ,പച്ചക്കറികൾ, പക്ഷിമൃഗാദികൾ, വൃക്ഷങ്ങൾ എന്നിവയുടെയുടെ ചിത്രങ്ങളുംപേരുകളും ചേർക്കും.<br>രാഷ്ട്രനേതാക്കൾ, ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് · പേരുകൾ ചേർത്ത് വായനക്കായി ഒരുക്കും. | ഒരു വർഷം | അധ്യാപകർ |

## ഹിന്ദി എഴുത്ത്

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| കോപ്പി ബുക്ക് | അധികവായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ വൃത്തിയായി എഴുതും. ബാലഗീതങ്ങൾ, കവിതകൾ എന്നിവ ശേഖരിക്കുന്നതിനും കോപ്പി ബുക്ക് ഉപയോഗിക്കും | ഒരു വർഷം | അധ്യാപകർ |
| പ്രദർശന സാമഗ്രികൾ | ഓരോ ക്ലാസ്സിലും പ്രദർശിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ ചുമർ പത്രിക തയ്യാറാക്കും. പേപ്പറിൽ തയ്യാറാക്കുന്ന ഇത്തരംരചനകൾ കൂട്ടിച്ചേർത്ത് ക്ലാസ്സ് മാസികകൾ തയ്യാറാക്കും. | | |
| രോശ്നി വർക്ക് ബുക്ക് | ഡയറ്റ് എറണാകുളം തയ്യാറാക്കിയിട്ടുള്ള രോശ്നി വർക്ക് ബുക്കുകൾ ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾ ഭാഷാനിപുണികളും, ഭാഷാ വ്യവഹാരങ്ങളും അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ പരിശീലിക്കും. | | |

## ഹിന്ദി ക്ലബ്ബ്

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| | വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കും. ക്ലാസ്സ് വിദ്യാ [illegible]ത്തിലും പ്രസിഡന്റ്, സെക്രട്ടറി, [illegible] [illegible] അംഗങ്ങൾ എന്നിങ്ങനെ [illegible] [illegible]ക്കാർ ഉണ്ടാകും. | ഒരു വർഷം | അധ്യാപകർ |

## ഹിന്ദി ആസ്വാദനം

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| ആസ്വാദനം | വിദ്യാർത്ഥികൾക്ക് അവതരണ രംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരുക്കും. അവതരിപ്പിക്കുന്നതിനായി വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും സന്നിഹിതരായിരിക്കുന്ന കോപ്പി ബുക്ക് ഉപയോഗിക്കും. മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കും വിധം അവതരണ പരിപാടികൾ നടത്തും. | ഒരു വർഷം | അധ്യാപകർ |

## ഹിന്ദി അസംബ്ളി

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| അസംബ്ളി | ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ളി നടത്തും. ഓരോ ആഴ്ചയിലേയും, അസംബ്ളി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസ്സുകൾക്കായിരിക്കും. പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ പാരായണം, ജന്മദിനാശംസാഗീതം തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും. അവതരമത്തിനുള്ള അവസരം എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കും | ഒരു വർഷം | അധ്യാപകർ |

## ഹിന്ദി മത്സരങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| മത്സരം | ഹിന്ദിയിൽ പാടാനും, പറയാനും, എഴുതാനും മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും. കഥാപുരാണം, കവിതാപുരാണം, പ്രസംഗം, കവിതാരചന, പ്രസംഗം, കവിതാപാരായണം, തുടങ്ങിയ മത്സരങ്ങൾ നടത്തും. മികവ് പുലർത്തുന്നവർക്ക് സമ്മാനങ്ങൾ നൽകും | ഒരു വർഷം | അധ്യാപകർ |
| [illegible] | ഓരോ ക്ലാസ്സിലേയും നിലവാരത്തിനനുസരിച്ച് പ്രതീക്ഷിക്കപ്പെട്ട കഴിവുകൾ ആർജ്ജിക്കുന്ന വിദ്യാർത്ഥികൾക്ക് ചമകതി എന്ന പേരിൽ പ്രോത്സാഹന സമ്മാനം നൽകും. | | |

## ദിനാചരണങ്ങൾ

| ക്രമസംഖ്യ | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| | ഹിന്ദി ദിനം, പരിസ്ഥിതി ദിനം, ശിശുദിനം, എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പുവരുത്തും. | ഒരു വർഷം | അധ്യാപകർ |

## വിവരസാങ്കേതിക വിദ്യ

| ക്രമസംഖ്യ | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| | ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവധ ദൃശ്യ ശ്രവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവരസാങ്കേതിക വിദ്യ വിനിയോഗിക്കും. ഹിന്ദി ടൈപ്പിംഗ്ങിന്റെ പ്രാഥമിക പാഠങ്ങൾ വിദ്യാർത്ഥികൾക്ക് നൽകും. | ഒരു വർഷം | അധ്യാപകർ |

## ഹിന്ദി ഫെസ്റ്റ്

| ക്രമസംഖ്യ | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| | ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും. ഹിന്ദി ഭാഷയിലോ, അധ്യാപന രംഗത്തിലോ, സാഹിത്യത്തിലോ, പ്രസിദ്ധരായവരെക്കൊണ്ട് ഉത്ഘാടനം നടത്തും. കൂടുതൽ പേർക്ക് പങ്കാളിത്തം ലഭിക്കുന്നതിനായി ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകും. | ഒരു വർഷം | അധ്യാപകർ |

# Action Plan 2025 – 2026

## (MATHS)

### ഗണിതം

| | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|---|
| 1 | ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കുക. | 1. ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും, കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക. | 1 വർഷം | ഗണിത അദ്ധ്യാപകർ, പി.ടി.എ. മാനേജ്മെന്റ് |
| | | 2. ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിതപാർക്ക് നിർമ്മാണം. | 1 വർഷം | ഗണിത അദ്ധ്യാപകർ, പി.ടി.എ. മാനേജ്മെന്റ് |
| 2 | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | 1 വർഷം | ഗണിത അദ്ധ്യാപകർ, |
| | | 2. കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു. | 1 വർഷം | ഗണിത അദ്ധ്യാപകർ, |
| 3 | ഗണിത അദ്ധ്യപകരെയും മികച്ച വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ഗണിത ക്ലിനിക്ക് | 1. ഗണിത ക്ലബ് രൂപീകരണം | ജൂൺ | ഗണിത അദ്ധ്യാപകർ, |
| | | 2. ഗണിത ക്വിസ്സ് | ജൂലൈ | ഗണിത അദ്ധ്യാപകർ, |
| | | 3. ഗണിതപൂക്കളമത്സരം | ആഗസ്റ്റ് | ഗണിത ക്ലബ്ബ് |
| | | 4. പതാക നിർമ്മാണം | ആഗസ്റ്റ് | ഗണിത ക്ലബ്ബ് |
| | | 5 ഗണിതശാസ്ത്രമേള, പഠനോപകരണ നിർമ്മാണം, പ്രദർശനം. | സെപ്റ്റംബർ | ഗണിത ക്ലബ്ബ് |
| | | 6. ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ | 1 വർഷം | ഗണിത ക്ലബ്ബ് |
| | | 7. ചോദ്യപേപ്പർ നിർമ്മാണം | നവംബർ | ഗണിത അദ്ധ്യാപകർ, |
| | | 8. ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പരിചയപ്പെടുത്തൽ | 1 വർഷം | ഗണിത ക്ലബ്ബ് |
| | | 9. വിദഗ്ദ്ധരുടെ ക്ലാസ്സ് | ഫെബ്രുവരി | ഗണിത ക്ലബ്ബ് |

# Action Plan 2025 – 2026

## (Social Science)

## സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | സോഷ്യൽ സയൻസ് ഫെസ്റ്റ് സംഘടിപ്പിക്കുക. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുക | അദ്ധ്യയന വർഷം | സോഷ്യൽ സയൻസ് അദ്ധ്യാപകർ, പി.ടി.എ., മാനേജർ. |
| 2 | ആധുനിക വിഷയങ്ങളിൽ സാമൂഹിക അവബോധം സൃഷ്ടിക്കുക | പത്രവായന, സംവാദം, സെമിനാർ, ബുള്ളറ്റിൻ ബോർഡ് , പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ, എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്രവായന കോർണർ ഒരുക്കുക | അദ്ധ്യയന വർഷം | സോഷ്യൽ സയൻസ് അദ്ധ്യാപകർ, പി.ടി.എ., മാനേജർ. |
| 3 | ദിനാചരണങ്ങളിലൂടെ പുതിയ അറിവുകൾ ആർജിക്കുക | പ്രസംഗം, കോളാഷ്, റാലി, അഭിമുഖം, ഫീൽഡ് ട്രിപ്പ്, സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങൾ ഉൾക്കൊള്ളുന്ന ദിനാചരണ കലണ്ടർ ഉണ്ടാക്കുക | അദ്ധ്യയന വർഷം | സോഷ്യൽ സയൻസ് അദ്ധ്യാപകർ, പി.ടി.എ., മാനേജർ. |

# Action Plan (U P) 2025 – 2026

## (Science)

### സയൻസ് വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുക | സ്കൂൾ പരിസരത്തെ ഫലവൃക്ഷങ്ങളിൽ ലേയറിങ്ങ്, ബഡ്ഡിങ്ങ്, ഗ്രാഫ്റ്റിങ്ങ് പരിശീലിപ്പിക്കുന്നു. | 1 വർഷം | ശാസ്ത്ര ക്ലബ് യു പി വിഭാഗം |
| പഠന പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളുടെ ശേഷി വികസനം | സോപ്പ് നിർമ്മാണം | മാസത്തിൽ ഒന്ന് | ശാസ്ത്ര ക്ലബ് യു പി വിഭാഗം |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കുക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു. ഉപജില്ല / ജില്ലാ പങ്കാളിത്തം | 1 വർഷം | സയസ് ക്ലബ് |
| നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ പരിചയപ്പെടുക. പരിശീലിക്കുക. | സ്കൂളിന് സമീപത്തുള്ള കാർഷിക നഴ്സറി സന്ദർശനം | 1 മാസം | യു.പി.സയൻസ് അധ്യാപകർ |

# Action Plan (H S ) 2025 – 2026

## (Science)

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭി രുചി വളർത്തൽ. | 1. സ്കൂൾ തല സയൻസ് എക്സിബിഷൻ<br>2. ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം. സർവ്വെ, അഭിമുഖം, നിരീക്ഷണം. | ആറു മാസം<br>ഒരു വർഷം | സയൻസ് ക്ലബ്ബ് |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടി കൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | ഒരു വർഷം | സയൻസ് ക്ലബ്ബ് |
| 3. ശാസ്ത്ര ലാബ് നവീകരണം | ശാസ്ത്ര ലാബിനെ കാലാനുസൃത മായി നവീകരിക്കൽ.<br>ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപക രണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരി ക്കൽ. | ഒരു വർഷം | സയൻസ് ക്ലബ്ബ് |
| 4. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗ പ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജപാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | അഞ്ച് വർഷം | പി.ടി.എ.<br>സയൻസ് ക്ലബ്ബ് |
| 5.പഠന പിന്നോക്കാവസ്ഥ യുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകർ, കുട്ടി, കുട്ടി-കുട്ടി എന്നിങ്ങനെ 2 തലതത്ിൽ പരിശീ ലനം. | ഒരു വർഷം | സയൻസ് ക്ലബ്ബ് |
| 6 ചോദ്യപേപ്പർ ശിൽപ്പ ശാല സംഘടിപ്പിക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപ യോഗപ്പെടുത്തി ചോദ്യപേപ്പർ ശിൽപ്പശാല സംഘടിപ്പിച്ച് ചോദ്യ ശേഖരം തയ്യാറാക്കൽ. | ഒരു വർഷം | സയൻസ് ക്ലബ്ബ് |
| | നമ്മുടെ സ്കൂളിലെ എല്ലാ കുട്ടിക ളുടെയും വീടുകളിലെ കിണർ ജല ത്തിന്റെ ഗുണനിലവാരം പരിശോ ധിക്കുന്നു. | രണ്ടു വർഷം | സയൻസ് ക്ലബ്ബ് |

## H.S.(Science)

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| 8 ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ പ്രവീണ്യം നേടുന്നു. | എൽ.ഇ.ഡി. ബൾബ് നിർമ്മാമ വർക്ക്ഷോപ്പ്. ഉപയോഗ ശൂന്യ മായ എൽ.ഇ.ഡി. ബൾബ് കളുടെ കേടുപാടുകൾ തീർക്കുന്നു. | ആറു മാസം | സയൻസ് ക്ലബ്ബ് |
| 9.കുട്ടി ഗവേഷകരെ രൂപ പ്പെടുത്തുന്നു. | ഗവേഷണാത്മക പഠനത്തിന്റെ ഭാഗ മായി ഫോൾഡോസ്കോപ്പ് നിർമ്മാണ ശിൽപ്പശാല | ഒരു വർഷം | സയൻസ് ക്ലബ്ബ് |
| 10.കാർഷിക സംസ്കൃതി വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധ ത്തിൽ പച്ചക്കറി തോട്ടം നിർമ്മിക്കു ന്നു. | ഒരു വർഷം | ഹരിതസേന |
| 11. ശാസ്ത്രപഠനം രസകര മാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതി നുള്ള പഠനയാത്ര. | ഒരു വർഷം | സയൻസ് ക്ലബ്ബ് |
| 12. സോപ്പ് നിർമ്മാണം | സോപ്പ് നിർമ്മാണ പരിശീലനവും, സ്കൂൾ ആവശ്യത്തിനുള്ള സോപ്പ് നിർമ്മിക്കുന്നു. | ഒരു വർഷം | സയൻസ് ക്ലബ്ബ് |
| 13. മോഡൽ നിർമ്മാണം | സി.എം.എസ്. കുട്ടികൾക്ക് മുൻഗ ണന കൊടുത്ത് ജീവശാസ്ത്രം, രസതന്ത്രം,ഊർജ്ജതന്ത്രം വിഷയ ങ്ങളുമായി ബന്ധപ്പെട്ട് മോഡൽ നിർമ്മാണം. ഇംപ്രൊവിസെഡ് എയിഡ് നിർമ്മാണം. | ഒരു വർഷം | സയൻസ് ക്ലബ്ബ് |
| 14. സാങ്കേതിക വിദ്യ ഉപ യോഗിച്ചുകൊണ്ട് പഠന രീതി പരിചയപ്പെടുത്തൽ | എന്നിവ ഉപയോഗിച്ചുള്ള പഠന രീതി കുട്ടികളെ പരിശീലിപ്പിക്കുന്നു. | രണ്ടു വർഷം | സയൻസ് ക്ലബ്ബ് |

## Junior Red Cross.

2005 മുതൽ **J.R.C.** യുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയും, വൃദ്ധ സദനങ്ങളും, ആശുപത്രികളും സന്ദർശിക്കുകയും അവർക്ക് സ്നേഹം പങ്ക് വെയ്ക്കുകയും അവരോടൊത്ത് ഒരു ദിവസം ചിലവിടുകയും മധുര പലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു. പ്രകൃതിയെ സ്നേഹിക്കുന്ന തിന്റെ ാഗമായി വൃക്ഷ തൈകൾ നടുകയും, ചെയ്യുന്നു. ദിനാചരണങ്ങളും നടത്തി വരുന്നു. നിരവധി കുട്ടികൾ ഗ്രേസ് മാർക്ക് നേടി മുഴുവൻ വിഷയങ്ങൾക്കും **A+** നേടു കയുണ്ടായി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അവശരെയും ദരിദ്രരെയും രോഗികളെയും സഹായിക്കുക | 1.സ്കൂളിലെമുഴുവൻകുട്ടികളുടെയും അവസ്ഥ മനസ്സിലാക്കി ഏറ്റവും താഴ്ന്ന വരുമാന മുള്ള രോഗികളായ 10 പേരെ കണ്ടെത്തി അവർക്ക് വേണ്ടി എല്ലാ ക്ലാസ്സുകളിലും ചാരിറ്റി ബോക്സ് വച്ച് അതിൽ നിന്ന് കിട്ടുന്ന പൈസ എല്ലാ മാസവും അവസാനം എടുത്ത് ഇവർക്ക് കൊടുക്കുന്നു.2.കുട്ടികളുടെ ഇടയിൽ ബോധവത്ക്കരണം നടത്തുന്നു. | 1 വർഷം | J.R.C. Students, H.M., ClassTeacher. |

## NCC

National Cadet Crops എന്ന സംഘടന സ്വാതന്ത്രലബ്ധിയ്ക്ക് മുൻപ് തന്നെ ഇന്ത്യയിൽ ബ്രിട്ടീഷുകാർ ആരംഭിച്ചിരുന്നു. Military യിലേയ്ക്ക് ആളെ ചേർക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ്. അവരിത് ആരംഭിച്ചതെങ്കിലും രാജ്യ സേവനം എന്ന മഹത്തായ ആശയവും ആദർശവും ആണ് ഇതിന്റെ അന്തഃസത്ത.Unity and discipline ആണ് NCC യുടെ പ്രധാന സവിശേഷത. ഈ NCCയിലൂടെ നമ്മൾ കുട്ടികളെ Difence Academy യിലേക്ക് recruit ചെയ്തുകൊണ്ടിരിക്കുന്നു. NCC യിൽ അംഗത്വമുള്ള കുട്ടികൾക്ക് നമ്മൾ Personality Development, Leadership Quality, discipline എന്നിവയിൽ പരിശീലനം നൽകുന്നു.

വർഷത്തിൽ 40 ദിവസം NCC പരേഡ് നടത്തുന്നു. ഇതോടനുബന്ധിച്ച് പോഷക സമ്പുഷ്ടമായ ഭക്ഷണവും കുട്ടികൾക്ക് നൽകുന്നു. ATC & NIC, RDC Republic Parade, ക്യാമ്പുകൾ എന്നിവയും സുഗമമായി നടത്തിവരുന്നു.ഇവയിൽ അംഗത്വമുള്ളകുട്ടികൾക്ക് ഗ്രേസ് മാർക്കിനും ജോലിയ്ക്കും മുൻഗണന ലഭിയ്ക്കുന്നതിനും സാധ്യതയുണ്ട്.

## ലിറ്റിൽ കൈറ്റ്സ്

ആരക്കുന്നം സെന്റ് ജോർജ്ജസ് ഹൈസ്കൂൾ 2018-2019 വർഷം മുതൽ ലിറ്റിൽ കൈറ്റ്സിന്റെ യൂണിറ്റ് ആരംഭിച്ചു. കുട്ടികൾക്ക് പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതോടൊപ്പം ആനിമേഷൻ ഹാർഡ് വെയർ, മൊബൈൽ ആപ്പ് വീഡിയോ, എഡിറ്റിംഗ്, മലയാളം ടൈപ്പിംഗ്, പ്രോഗ്രാമിംഗ് തുടങ്ങിയ മേഖലകളിൽ വേണ്ടത്ര പരിശീലനം കൊടുക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഹൈടെക് സ്കൂളുകളിലെ കുട്ടികളുടെ ഐ.ടി. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലൂടെ വിവിധ പരിശീലനങ്ങളോടൊപ്പം വിദഗ്ധരുടെ ക്ലാസ്സുകൾ ഇൻഡസ്ട്രിയൽ വിസിറ്റുകൾ,ക്യാമ്പുകൾ ഇവ നടത്തി വരുന്നു. ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.സി.ടി. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിൽ നമ്മുടെ സ്കൂളിലെ കുട്ടികളും പ്രവർത്തിക്കുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം.

സ്കൂളിലെ ഹാർഡ് വെയർ പരിപാലനം, രക്ഷകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിശീലനം, പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത് നൽകൽ, വിക്ടേഴ്സിലേക്കുള്ള ഉള്ളടക്ക നിർമ്മാണം, സ്കൂൾതല വെബ്, ടി.വി.കൾ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സ് ക്ലബുകൾ സംഘടിപ്പിക്കും. മികച്ച സ്കൂളുകൾക്കും,ക്ലബംഗങ്ങൾക്കും അംഗീകാരങ്ങൾ നൽകും . SITC, JSITC, PSITC എന്നിവർ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ST. GEORGE'S HS & LP SCHOOL

FEAR OF GOD IS THE BEGINNING OF WISDOM

ESTD 1902

ARAKKUNNAM